Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

തീയതി : 10.09.2018

## പത്രക്കുറിപ്പ്

## സ്കൂളുകളിൽ നിന്നും ബുധനാഴ്ച വരെ ദുരിതാശ്വാസ സംഭാവനകൾ ശേഖരിക്കാം

പ്രളയവുമായി ബന്ധപ്പെട്ടുണ്ടായ നാശനഷ്ടങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ നിന്നുള്ള ധനസമാഹാരണം ചൊവ്വ ബുധൻ ദിവസങ്ങളിൽ നടത്താവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എ ഷാജഹാൻ ഐ.എ.എസ് അറിയിച്ചു. നേരത്തെ ഇത് സെപ്റ്റംബർ 11 ചൊവ്വാഴ്ച പൂർത്തിയാക്കാനാണ് നിർദേശിച്ചിരുന്നത്. ഇതു സംബന്ധിച്ച മുഖ്യമന്ത്രിയുടെ സന്ദേശം ചൊവ്വാഴ്ച സ്കൂൾ അസംബ്ലിയിൽ വായിക്കേണ്ടതാണ്. ലഭിച്ച തുകയുടെ വിശദാംശങ്ങൾ ബുധനാഴ്ച വൈകുന്നേരത്തിനകം സർക്കാർ, എയിഡഡ്, അൺ-എയിഡഡ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളും 'സമ്പൂർണ' പോർട്ടലിൽ രേഖപ്പെടുത്തണം. വ്യാഴാഴ്ചയോടെ ശേഖരിച്ച തുക വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള എസ്.ബി.ഐ.യുടെ സംവിധാനം വഴി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. വിശദാംശങ്ങൾ www.education.kerala.gov.in ൽ ലഭ്യമാകുന്നതാണ്.

കെ. അൻവർ സാദത്ത്
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ